വരുകയാണു്. സക്കാർ സവ്വീസായതുകൊണ്ടു് ജോലിക്കാക്കു് കൊല്ലംതോറും ഇൻക്രിമെൻറു് കൊടുക്കുന്നതുകൊണ്ടുമെല്ലാം ചെലവു കൂടിവരുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : പല സ്റ്റോറുകളിലും ഗവണ്മെൻറു് ആഭിമുഖ്യത്തിൽതന്നെ ലാഭകരമായി സവ്വീസു് നടത്തുന്നുണ്ടു്. അതു പരിശോധിച്ചു് നമ്മുടെ സ്റ്റോറിൽ നഷ്ടം വരാതിരിക്കുന്നതിനുള്ള പരിശോധനകളും നടത്തുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതു നിത്യേന നടത്തിക്കൊണ്ടുവരികയാണു്. മദ്രാസു് സ്റ്റോറിലും സിറിസവ്വീസു് ലാഭകരമല്ല. അല്പം നഷ്ടത്തിലാണു് നടക്കുന്നതു്.

ശ്രീ. പി. രവീന്ദ്രൻ : ഡബിംഡെക്കർ ഓടുന്നതു വളരെ നഷ്ടത്തിലാണെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. കെ. ടി. അച്യുതൻ : അതു ശരിയാണു്.. ഒരു പക്ഷേ ഡബിംഡെക്കർ സവ്വീസു് നഷ്ടമാണെങ്കിലും തുടരണമെന്നു വിചാരിച്ചു് ഓടിക്കുകയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഡൽഹി ട്രാൻസ്പോർട്ടു് കാർപ്പൊറേഷൻ ഈ ബസ്സുകളും ആവശ്യപ്പെട്ടിട്ടുണ്ടെന്നു കേൾക്കുന്നതു ശരിയാണോ ; ഇവിടെ നഷ്ടത്തിലാണെങ്കിൽ നാം വാങ്ങിയ വിലയിൽ വലിയ കുറവില്ലാതെ അവർക്കു കൊടുക്കുന്നതല്ലേ നല്ലതു് ?

ശ്രീ. കെ. ടി. അച്യുതൻ : അവർ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. ഡബിംഡെക്കർ ഇവിടെ തലസ്ഥാനനഗരിയിൽ അന്തസ്സായി ഓടുന്ന ഏർപ്പാടു് നിറുത്തേണ്ടയെന്നുവിചാരിച്ചു് തുടരുകയാണു്.

ശ്രീ. സി. എം. കുട്ടി : ബോഗസു് ടിക്കറ്റുകളും ഉപയോഗിക്കുന്നസംപ്രദായം ട്രാൻസ്പോർട്ടു സവ്വീസിൽ ഉണ്ടെന്നു പത്രത്തിൽ ഉണ്ടായിരുന്നു. സിറിസവ്വീസിലും അങ്ങനെയുണ്ടോ എന്നു നോക്കുന്നതിനു് പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. അച്യുതൻ : ഇപ്പോഴുംതന്നെ ഫ്ളൈയിംഗ്സ്കാഡു് ഉണ്ടു്. അങ്ങനെയുള്ള ടിക്കറ്റുവിൽപനയൊന്നുമില്ല. കുറെ മുമ്പു് അങ്ങനെയൊരു ആക്ഷേപത്തെപ്പറ്റി അന്വേഷണം നടത്തുകയും രണ്ടുപേരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : ഈ ഡബിംഡെക്കർ മൂന്നു നിലയാക്കുകൂടി നഷ്ടംവരുത്തിയാൽ ഈ അന്തസു് കൂട്ടുകയല്ലേ ചെയ്യുക.

ശ്രീ. കെ. ടി. അച്യുതൻ : വളന്നുവളർന്നുപോകുമ്പോൾ നിലകൂടി കൂട്ടുന്ന പതിവുണ്ടു്. പല രാജ്യങ്ങളിലും അങ്ങനെയാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മറുജില്ലാ തലസ്ഥാനങ്ങളിലുംകൂടി ഡബിംഡെക്കർ അന്തസായിഓടിക്കുന്നതിനു് നടപടിയെടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : തൽക്കാലം നിവൃത്തിയില്ല.

സ്വർണ്ണതൊഴിലാളികൾ.

* 378. [321] ശ്രീ. എസ്. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റോറിലാകെ എത്ര സ്വർണ്ണതൊഴിലാളികളുണ്ടെന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വർണ്ണത്തൊഴിലാളികൾക്ക് കടം കൊടുക്കുന്നതിന് എന്തുതുക യാണ് ഗവണ്മെന്റ് വിനിയോഗിക്കാൻ നിശ്ചയിച്ചിട്ടുള്ളത് ;

(സി) സ്വർണ്ണത്തൊഴിലാളികൾക്കു ലൈസൻസിനുള്ള അപേക്ഷാ ഫീസ് എന്താണ് നിശ്ചയിച്ചിട്ടുള്ളത് ;

(ഡി) ലൈസൻസിനുള്ള ഫാറത്തിൽ ഫോട്ടോയുടെ രണ്ടു പ്രതി ചേർത്തിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഇ) ലൈസൻസ് ഫീസ്, ഫോട്ടോകളുടെ ചെലവ്, സ്റ്റാമ്പ്, രജിസ്ട്രേഷൻ ഫീ മുതലായ ഇനങ്ങളിൽ ഒരു തൊഴിലാളി എന്തുതുക ഈ ആവശ്യത്തിനു വിനിയോഗിക്കേണ്ടിവരും ;

(എഫ്) തൊഴിലില്ലാതെ ഒരു വർഷക്കാലമായി ദുരിതമനുഭവിക്കുന്ന പ്രസ്തുത തൊഴിലാളികൾക്ക് ഇതു താങ്ങാനാകാത്ത ഭാരമാണെന്ന കാര്യം പരിഗണിച്ച് ഇതിൽനിന്നവരെ ഒഴിവാക്കാൻ വേണ്ട നടപടികൾ കൈക്കൊ ള്ളുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) ജോലി നഷ്ടപ്പെട്ട 28777 സ്വർണ്ണത്തൊഴിലാളികളുണ്ടെന്നാണു കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) ഓരോ ജില്ലയിലും സംഘടിപ്പിക്കുന്ന പ്രൈമറി സംഘ ങ്ങൾക്കും മറ്റു വ്യവസായികസഹകരണസംഘങ്ങൾക്കും, കൂടാതെ ആവശ്യ മുള്ളിൽ വ്യക്തികൾക്കും കടം കൊടുക്കുന്നതിനായി മൊത്തം 5,30,000 ഉറു പ്പിക നീക്കിവച്ചിട്ടുണ്ട്.

(സി) ഒരുറുപ്പിക.

(ഡി) ഉണ്ട്.

(ഈ) ലൈസൻസു ഫീസും ഫോട്ടോയുടെ ചെലവുംകൂടി നാലോ അഞ്ചോ ഉറുപ്പിക. ഒരു തൊഴിലാളി ഈ ആവശ്യത്തിലേയ്ക്ക് വിനിയോഗിക്കേ ണ്ടിവരും. സ്റ്റാമ്പ് രജിസ്ട്രേഷൻ ഫീ മുതലായവ ഒന്നും ഇല്ല.

(എഫ്) ഇതു സ്വർണ്ണനിയന്ത്രണച്ചട്ടങ്ങൾ അനുസരിച്ച് കേന്ദ്രഗവ ണ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഈ കാര്യം കേന്ദ്രഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്.

ശ്രീ. എസ്. കുമാരൻ: ദുരിതാശ്വാസം നൽകിക്കൊണ്ടിരിക്കുകയും അരി പിരിച്ച് കഞ്ഞിവീഴ്ത്തു നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ അവസര ത്തിൽ ഇത്രയും തുക അവർക്ക് ചെലവാക്കാൻ സാധിക്കുകയില്ലെന്ന മനസ്സി ലാക്കി അവരെ സഹായിക്കാൻ ബോധപൂർവ്വം നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: കേന്ദ്രഗവണ്മെന്റിന്റെ സ്കീം അനു സരിച്ച് നിശ്ചയിച്ചിട്ടുള്ള ഫീസാണ്. അതു ഇവർക്ക് ഭാരമാണെന്ന് കാണിച്ച് ഒഴിവാക്കണമെന്ന ഇൻഡ്യാഗവണ്മെന്റിനു നിവേദനം നടത്തി യിട്ടുണ്ട്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: 5 ലക്ഷത്തിൽപ്പരം രൂപ കടം കൊടുക്കുന്നതിനു നീക്കിവച്ചിട്ടുണ്ടെന്നു പറഞ്ഞു. അതിൽ എത്ര രൂപ കൊടു ത്തിട്ടുണ്ട്. ഓരോ ഡിസ്ട്രിക്ടിലും ഇത്ര എന്ന അടിസ്ഥാനത്തിലാണോ കൊടു ക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : ആകെ ജാമ്യത്തിൽ വ്യക്തികൾക്കു് നീക്കിവച്ചിട്ടുള്ളതിൽ നാലായിരം രൂപ ഈ ജനുവരി മദ്ധ്യംവരെ കൊടുത്തു തീർത്തിട്ടുണ്ടു്. മറ്റു കോവാപ്പറേറീവു് സൊസൈറ്റികൾക്കു് കൊടുക്കേണ്ട രൂപയൊന്നും ഇതുവരെ കൊടുത്തിട്ടില്ല. അതൊക്കെ രജിസ്റ്റർ ചെയ്തു വരികയാണു്. ഇതിനുമുമ്പു അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്നു ഞാൻ തന്നെ ഇവിടെ പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. രവീന്ദ്രൻ : ലൈസൻസു് ഫീസും ഫോട്ടോ എടുക്കുന്നതിനുള്ള ചെലവും തൊഴിലാളിക്കു് താങ്ങാനൊക്കാത്തതാണെന്നും അക്കാര്യം കേന്ദ്ര ഗവണ്മെൻറിനെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ അതിനു വേണ്ടിവരുന്ന തുക സംസ്ഥാന ഗവണ്മെൻറുതന്നെ കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതു പരിഗണിക്കാം.

ശ്രീ. കെ. കൃഷ്ണപിള്ള: ഇവർക്കു് സൗജന്യ റേഷൻ നൽകുന്നതിനു് ന്യായവില ഷാപ്പുടമസ്ഥരോടു് ആവശ്യപ്പെടുകയായിരുന്നു ചെയ്തതു്.. അവർ അങ്ങനെ കൊടുത്ത അരിയുടെ വില ഇതുവരെ കൊടുത്തിട്ടില്ല. അതു കൊടുക്കുന്നതിനു ഏർപ്പാടു് ചെയ്യുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതു് അന്വേഷിക്കാം.

ശ്രീ. സി. അച്യുതമേനോൻ : കഴിഞ്ഞ കൊല്ലത്തിലാണു് സ്വർണ്ണനിയന്ത്രണച്ചട്ടം ഏർപ്പെടുത്തിയതു്. ഈ തൊഴിലാളികൾക്കു് എന്തെങ്കിലും പ്രയോജനം ലഭിക്കണമെങ്കിൽ അതു വളരെ വേഗം ചെയ്യണം. സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ അടിയന്തിരമായി പൂർത്തിയാക്കാനും അവയ്ക്കു് സഹായധനം കൊടുക്കാനും ആ സൊസൈറ്റികളിൽ ഉൽപ്പാദനം ഉണ്ടാക്കാനും പെട്ടെന്നു നടപടികൾ നടത്താൻ ഗവണ്മെൻറു പ്രത്യേകമായി നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : കഴിഞ്ഞ പ്രാവശ്യം ഇതിനെ സംബന്ധിച്ചു് ചോദ്യം ഉന്നയിച്ചപ്പോൾ ഇതിൻറെ പ്രവർത്തനം വേണ്ട വിധത്തിൽ മുന്നോട്ടു് പോയിരുന്നില്ലെന്നുള്ളതു് വാസ്തവമാണു്. അതിനുശേഷം വേഗം നടപടി പൂർത്തിയാക്കണമെന്നും തുകകൾ അവർക്കു കൊടുക്കണമെന്നും ഗവണ്മെൻറു നിർദ്ദേശം നൽകിയിട്ടുണ്ടു്.

ശ്രീ. എസ്. കുമാരൻ : 28,000–ൽപ്പരം തൊഴിലാളികൾ ഉണ്ടായിട്ടു് ഇതുവരെ 4000 രൂപ മാത്രമെ വിതരണം ചെയ്തിട്ടുള്ളൂ. നീക്കിവച്ചിട്ടുള്ള തുക മുഴുവൻ ഈ സാമ്പത്തിക വർഷത്തിൽ തന്നെ കൊടുത്തുതീർക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഈ സാമ്പത്തിക വർഷത്തിൽതന്നെ കൊടുത്തുതീർക്കണമെന്നാണു് ഗവണ്മെൻറിൻറെ ഉദ്ദേശം.

ശ്രീ. ഒ. കോരൻ : ആകെ ജാമ്യത്തിൽ കടം കൊടുക്കുന്നതിനു് എന്തുകൊണ്ടാണു് കാലതാമസം വരുന്നതു്. മദ്രാസു് സ്റ്റോറിൽ തുക മുഴുവൻ കൊടുത്തുതീർത്തു. അതുപോലെ ഇവിടെയും വളരെവേഗം കൊടുക്കുന്നതിനു ഏർപ്പാടു് ചെയ്യുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആദ്യഘട്ടത്തിൽ പദ്ധതി തയ്യാറാക്കുന്നതിനും കേന്ദ്ര ഗവണ്മെൻറിൻറെ സാംക്ഷൻ വരുത്തുന്നതിനും കുറെ കാലതാമസം വന്നു. അതു് ഈ സ്റ്റോറിൽ മാത്രമല്ല. ഇനി കാലതാമസം വരാതെ വളരെ വേഗത്തിൽ തുക വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടു് ഗവണ്മെൻറു് ചെയ്തു വരികയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ജോലി നഷ്ടപ്പെട്ട തൊഴിലാളികളുടെ സന്താനങ്ങൾ ഹൈസ്കൂളുകളിലും കോളേജുകളിലും പഠിക്കുന്നുണ്ടെങ്കിൽ അവരുടെ വിദ്യാഭ്യാസം തുടരാൻ എന്തു സൗകര്യമാണു് നൽകുന്നതു്.

ശ്രീ. കെ. എ. ദാമോദരമേനോൻ : വിദ്യാഭ്യാസപരമായ സൗജന്യങ്ങൾ നൽകുന്നതിനു പദ്ധതിയുണ്ടു്, അതു് പ്രസിദ്ധം ചെയ്തു കഴിഞ്ഞതാണു്. വിശദവിവരങ്ങൾ എന്റെ കൈവശമില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ജോലി നഷ്ടപ്പെട്ട സ്വർണ്ണത്തൊഴിലാളികളുടെ സന്താനങ്ങൾ ഹൈസ്കൂളുകളിലും കോളേജുകളിലും പഠിക്കുന്നുണ്ടെങ്കിൽ അവരുടെ വിദ്യാഭ്യാസം തുടരുന്നതിനു് എന്തു സഹായമാണു് ഗവണ്മെന്റു് ചെയ്യുവരുന്നതു്?

ശ്രീ. കെ. എ. ദാമോദരമേനോൻ : അവരുടെ സന്താനങ്ങളുടെ വിദ്യാഭ്യാസം തുടരുന്നതിനു് സഹായം ചെയ്യാനുള്ള ഒരു പദ്ധതിയുണ്ടു്. അതിന്റെ വിശദവിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ: ഈ ദുരിതാശ്വാസ നടപടികളെല്ലാം നടത്തണമെന്നുള്ളതിനെക്കുറിച്ചു് തീരുമാനിക്കുന്ന അവസരത്തിൽ അവരുടെ പ്രതിനിധികളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ? അതല്ല, ഗവണ്മെന്റുദ്യോഗസ്ഥന്മാർമാത്രം കൂടി നിശ്ചയിക്കുന്ന തരത്തിലുള്ള ദുരിതാശ്വാസ നടപടികളാണോ ഇപ്പോൾ എടുത്തിട്ടുള്ളതു്?

ശ്രീ. കെ. എ. ദാമോദരമേനോൻ: അവരുടെ പ്രതിനിധികളുമായി ചർച്ച ചെയ്തതന്നെയാണു് നടപടികൾ എടുത്തിട്ടുള്ളതു്.

ശ്രീമതി എ. നഫീസത്തുബീവി: തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ള സ്വർണ്ണത്തൊഴിലാളികളുടെ സന്താനങ്ങൾക്കു് തയ്യൽ പരിശീലന ക്ലാസ്സു് നടത്തിവരുന്നുണ്ടു്. അവരുടെ പരിശീലന കോഴ്സിനുള്ള കാലാവധി 3 മാസമാണെന്നു വച്ചിട്ടുള്ളതു് മതിയാകുന്നില്ലെന്നു് ഗവണ്മെന്റിൽ പരാതി ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു് പരിഗണിച്ചു് അതു് ഒരു കൊല്ലമാക്കുന്നതിനുള്ള നടപടി എടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇപ്പോൾ ഈ മൂന്നു മാസത്തേക്കുള്ള തുകയാണു് വച്ചിട്ടുള്ളതു്. എന്നുവച്ചു അതു് അവസാനിച്ചുപോയി എന്നു് അർത്ഥമില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : സ്വർണ്ണത്തൊഴിലാളികൾക്കു് അവരുടെ തൊഴിൽ നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ സ്വർണ്ണം ലഭിക്കുന്നുടല്ലെന്നും അതുകൊണ്ടു് തൊഴിൽ ചെയ്യാൻ സാധിക്കുന്നില്ലെന്നുമുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ. അതിനാവശ്യമായ വല്ല പരിശോധനയും ചെയ്തിട്ടുണ്ടോ, ഇല്ലെങ്കിൽ വേണ്ടതു് ചെയ്യാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : 14 ക്യാരറ്റു് സ്വർണ്ണമുണ്ടാക്കുവാൻ അവർക്കു് പ്രത്യേകം അനുവാദം കൊടുത്തിട്ടുണ്ടു്. അതിനുള്ള നടപടികൾ എടുക്കുന്നതിനു ഈ സൊസൈറ്റി 14 ക്യാരറ്റു് ഗോൾഡു് വിതരണം ചെയ്യുകയെന്നുള്ള നടപടി സ്വീകരിച്ചിട്ടില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസു്: തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ള സ്വർണ്ണത്തൊഴിലാളികളിൽനിന്നും തൊഴിൽ നികുതി ചുമത്തിക്കൊണ്ടു് അതു് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. അതു് ഒന്നു നിറുത്തിവയ്പ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; അതുപോലെ ടെക്സ്നിക്കലായിട്ടുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന അവരുടെ കുട്ടികൾക്കു് സ്റ്റൈപ്പന്റു് കൊടുത്തിട്ടില്ല. അതുകൊണ്ടു ഈ സ്വർണ്ണത്തൊഴിലാളികളുടെ കാര്യത്തിൽ ഈ കാര്യങ്ങൾകൂടി ഒന്നു ശ്രദ്ധിക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : പഞ്ചായത്തിൽനിന്നും ഏർപ്പെട്ടത്തിയിരിക്കുന്ന പ്രൊഫഷൻ ടാക്സിനെപ്പറ്റിയാണോ?

ശ്രീ. പി. ആർ. ഫ്രാൻസീസ് : തൊഴിൽ നികുതിയുടെ കാര്യമാണ്.

ശ്രീ. കെ.എ. ദാമോദരമേനോൻ : തൊഴിൽ ഇല്ലാത്തവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി എടുക്കണമെന്ന് ഗവണ്മെൻറു വിചാരിക്കുന്നില്ല.

ശ്രീ. പി. ആർ. ഫ്രാൻസീസ് : ഉണ്ട്. അതിനുള്ള നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എ. ദാമോദരമേനോൻ: അന്വേഷിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ: കേന്ദ്ര ഗവണ്മെൻറിൽനിന്നും ഇവക്ക് ആശ്വാസനടപടികളും ക്ഷേമതലായി നൽകുന്നതിനുള്ള കൽപന വരുന്നതു വരെ കാത്തിരുന്ന അടിയന്തിരമായി അവക്കു വല്ല ആശ്വാസ നടപടികളും ചെയ്തുകൊടുക്കാതിരിക്കാനുള്ള നടപടികളും ഇപ്പോഴും എടുത്തുകൊണ്ടിരിക്കുകയാണോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ബഹുമാനപ്പെട്ട മെമ്പർക്ക് അങ്ങനെ വല്ല ആലോചനയും ഉണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ. ഗവണ്മെൻറിനു അവർക്കു കഴിയുന്ന സഹായങ്ങളും ചെയ്തുകൊടുക്കണമെന്നുള്ള ആലോചനതന്നെയാണുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ: അവരിൽ ഇനിയും കുറെ ആളുകൾ കൂടി മരിക്കുന്നതിനുമുമ്പെ എങ്കിലും ഈ സഹായങ്ങൾ ലഭ്യമാകുന്നതിനു ഗവണ്മെൻറു ജാഗ്രതയായി നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഞാൻ അതാണ് ഇവിടെ പറഞ്ഞതു്. ബഹുമാനപ്പെട്ട അച്യുതമേനോൻ ചോദിച്ച ചോദ്യത്തിനു ഞാൻ മറുപടി പറഞ്ഞതാണ്. അതു കുറെക്കൂടി ഉച്ചത്തിൽ ശ്രീമാൻ ഗോപാലൻ ചോദിച്ചു എന്നേയുള്ളൂ.

ശ്രീ. എസ്. കുമാരൻ: ഈ സ്കീം ഇംപ്ലിമെൻറ് ചെയ്യുന്നതിനു് ഈ സ്റ്റേറിൽ ഏതുദ്യോഗസ്ഥനെയാണു ചുമതലപ്പെടുത്തിയിട്ടുള്ളതു്. ഇതു ഏതു് ഡിപ്പാർട്ടുമെൻറിൻെറ കീഴിലാണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിലേക്കു് പ്രത്യേകമായിട്ടു് ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറാണ് ഇതു് കൈകാര്യം ചെയ്യുന്നതു്.

മുസ്ലീങ്ങൾ അദ്ധ്യയനം നടത്തുന്ന ഹൈസ്കൂളുകൾ

* 379. [10] ശ്രീ. കെ. ഹസ്സൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറും അതിൽ കൂടുതലും മുസ്ലീങ്ങൾ അദ്ധ്യയനം നടത്തുന്ന ഹൈസ്കൂളുകൾ കേരളത്തിൽ എത്രയുണ്ടു് ;

(ബി) ടി സ്കൂളുകളിലെല്ലാം അറബിക്കു് പണ്ഡിതന്മാരെ നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly